**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6088

04.07.2019- ൽ മറുപടിയ്ക്ക്

**എണ്ണായിരം ഹെക്ടറിൽ പരം വനഭൂമിക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ എണ്ണായിരം ഹെക്ടറിൽ പരം വനഭൂമിക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി ഹൈക്കോടതിയുടെ മാർച്ച് 18-ലെ വിധിയെത്തുടർന്ന് അസാധു ആകുമോയെന്ന് വ്യക്തമാക്കാമോ; | എ) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ വനഭൂമിയ്ക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി ഹൈക്കോടതിയുടെ മാർച്ച്. 2018 ലെ വിധിയെ തുടർന്ന് അസാധു ആകുന്നതല്ല. ശ്രീ.ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീ.സർവ്വെ നമ്പർ 7/1, 7/2, 7/4, 7/7 എന്നീ സർവ്വെ നമ്പരുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻഗാമികൾ തൊട്ട് ടിയാന്മാരുടെ കൈവശമുണ്ടെന്നും ആയതിന് 01.01.1977 ന് മുമ്പുള്ള കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്ന Kerala Land Assignment (Regularization of Occupation of Forest Lands prior to 1.1.1977) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്നും കാണിച്ചാണ് WP(C) 4501/2018 നമ്പർ കേസ് നൽകിയത്. ഹർജ്ജിക്കാരുടെ ആവശ്യം തള്ളി 08.11.2018-ന് ബഹു.കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധി പ്രകാരം 1993 ലെ Kerala Land Assignment (Regularization of Occupation of Forest Land prior to 1.1.1977) Special Rules സെക്ഷൻ 2 (f) ൽ നിർവ്വചിച്ചിരിക്കുന്ന 'ഭൂമി' എന്നതിൽ നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബ്ബല പ്രദേശം, വന്യജീവി സങ്കേതങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല.<br>WP(C) 4501/2018 കേസിൽ |

| | |
|---|---|
| | 8.11.2018 ലെ വിധിക്കെതിരെ 5.01.2019 ൽ ഹർജ്ജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്യുകയുണ്ടായി. ടി അപ്പീൽ തള്ളിക്കൊണ്ടുള്ള വിധിയാണ് ബഹു.കേരള ഹൈക്കോടതി 18.03.2019-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടി വിഷയത്തിൽ നിലവിൽ WP(C) 4501/2018 കേസിൽ 08.11.2018-ലെ വിധിയാണ് നിലനിൽക്കുന്നത്. ടി വിധികൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ നൽകിയ പട്ടയങ്ങൾ റദ്ദാകുന്ന സാഹചര്യമില്ല. |
| (ബി) സംരക്ഷിതവനം, നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബ്ബലപ്രദേശം എന്നിവയിലെ കൈവശങ്ങൾ ഭൂമിയുടെ നിർവ്വചനത്തിൽ വരില്ലെന്ന് വിധിയിൽ വ്യക്തമാക്കുന്നുണ്ടോ; | (ബി) ഉണ്ട് |
| (സി) മറിച്ച് പട്ടയം അസാധുവാകുന്ന സാഹചര്യം വന്നാൽ പതിനായിരത്തിൽപരം കർഷക കുടുംബങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുമോ; | (സി) റിസർവ്വ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 01.01.1977-ന് മുമ്പ് കുടിയേറിയവരും, പട്ടയം ലഭ്യമായവരുമായ കർഷകരെ WP(C) 4501/2018-ലെ 08.11.2018-ലെ വിധിയോ, W.A.No. 694/2019 ലെ 18.03.2019-ലെ വിധിയോ, യാതൊരു കാരണവശാലും പ്രതികൂലമായി ബാധിക്കുന്നതല്ല. ഇപ്രകാരമുള്ളവരുടെ പട്ടയം അസാധു ആകുന്ന സാഹചര്യം ഇല്ലാത്തതാകുന്നു. |
| (ഡി) ഇത്തരം വനഭൂമികളിലും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലും 1977 ന് മുമ്പുള്ള കൈവശം കണ്ടെത്തി റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി കേന്ദ്രാനുമതിക്കായി നൽകിയ അപേക്ഷകളും ഹൈക്കോടതി വിധിയെത്തുടർന്ന് | (ഡി) 01.01.1977 ന് മുമ്പ് കയ്യേറിയതും, റീ.സർവ്വെ നടത്തി, സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം |

| | |
|---|---|
| അനിശ്ചിതത്വത്തിലാവുമോയെന്ന് വിശദമാക്കുമോ? | ലഭ്യമാക്കുവാൻ വേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നതുമായ റിസർവ്വ് വനങ്ങളിലെ കുടിയേറ്റക്കാരെ ടി വിധി ബാധിക്കുകയില്ലാത്തതും കേന്ദ്രാനുമതി ലഭിക്കുന്ന മുറക്ക് ടിയാന്മാർക്ക് പട്ടയം നൽകുന്നതിന് തടസ്സങ്ങൾ ഇല്ലാത്തതുമാണ്. ഇക്കാര്യത്തിൽ യാതൊരു അനിശ്ചിതത്വവും ഇല്ലാത്തതാകുന്നു. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ നിലവിൽ വന്നിരിക്കുന്നതുതന്നെ 02.06.2000 തീയതിയിലാകയാൽ ഇപ്രകാരമുള്ള സ്ഥലങ്ങളിൽ 01.01.1977 ന് മുമ്പുള്ള കയ്യേറ്റം എന്ന സംഗതി ഉദിക്കുന്നില്ല. പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങളുടെ കൈവശക്കാർക്ക് ട്രിബ്യൂണലിനെ സമീപിക്കുന്നതുൾപ്പെടെയുള്ള നിയമത്തിൽ അനുശാസിക്കുന്ന ഇതര പരാതി പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. |

Indu.S.S

സെക്ഷൻ ഓഫീസർ